ടെ പോയി പഠിച്ചുകൊള്ളുക എന്നു പറയാവുണ്ടു്. ആ കൂട്ടത്തിൽ ചെയ്താൽ പോരേ? നെമ്മാറയിലെ ബുദ്ധിമുട്ടു് പെരിങ്ങോട്ടുകരക്കുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഹിന്ദി പഠിപ്പിക്കുന്ന ടീച്ചർ കണ്ടശ്ശാംകടവിലുണ്ടു്. ആ ആൾക്കു് എന്തെങ്കിലും കൂടുതൽ അലവൻസുകൊടുത്തു് പെരിങ്ങോട്ടുകരക്കു് അയക്കുന്നതിനു് എന്താണു് വിരോധം?

റാവുസാഹിബു് ഐ. എൻ. മേനോൻ: ഈ പ്രിൻസിപ്പിൾ ഗവമ്മെണ്ടു് അക്സപ്റ്റു ചെയ്താൽ ഓരോ കൊല്ലത്തിലും തുടങ്ങുന്ന സ്കൂളുകൾക്കൊക്കെ അതനുസരിച്ചു് ചെയ്യേണ്ടിവരും. അങ്ങിനെ ചെയ്യുന്നുണ്ടെന്നു കണ്ടാൽ കൊല്ലംതോറും സ്കൂളുകളുടെ എണ്ണം കൂടുതലാകും. അഞ്ചോ പത്തോ ഉറപ്പിക അലവൻസിന്റെ കാര്യമല്ല നോക്കേണ്ടതു്. പെരിങ്ങോട്ടുകരയിലും കണ്ടശ്ശാംകടവിലും ഓരോ ഐച്ഛികവിഷയങ്ങൾ ആയിരിക്കും പഠിപ്പിക്കുന്നതു്. അവിടെയില്ലാത്തതു് ഇവിടെയും, ഇവിടെയില്ലാത്തതു് അവിടെയും ഉണ്ടായിരിക്കും. പെരിങ്ങോട്ടുകരയിൽ ഹിന്ദി പഠിപ്പിക്കുവാൻ തരമില്ലെന്നു പറയുന്നില്ല. എന്നാൽ സ്കൂളുകളിൽ വരുന്നവർ അതിനടുത്തുള്ളവരോടു് ആ ദിക്കിൽനിന്നു മാത്രം വരുന്നവരോ ആയിരിക്കയില്ല.

മിസ്റ്റർ ബി. എം. പീറർ: കുമ്പളങ്ങി സെൻറ് പീറേഴ്സ് ഹൈസ്കൂളിലെ മാസ്റ്റർക്കു് അലവൻസ് കൊടുക്കുന്നുണ്ടോ?

റാവുസാഹിബു് ഐ. എൻ. മേനോൻ: നോട്ടീസ്സു് വേണം.

It really affects the expansion of future education. If this principle is accepted, we have got to go on duplicating and re-duplicating several optional subjects and instead of helping onward the progress of education, it might really hamper its progress.

SWEET TODDY TAPPING—APPLICATIONS FOR

58. മിസ്റ്റർ കെ. ആർ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ൧൯൪൨-ൽ ചക്കരചെത്തിനു പുതിയ അപേക്ഷകന്മാർ എത്രയുണ്ടായിരുന്നു;

(ബി) അതിൽ എത്ര അനുവദിച്ചു;

(സി) പഴയ അപേക്ഷകന്മാരിൽ വല്ലവർക്കും ലൈസൻസ് ൧൯൪൨-ൽ അനുവദിക്കാത്തതുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ എം. രാമൻ മേനോൻ:

(എ) ർന്നു.

(ബി) നാല്പ.

(സി) ഉണ്ടു്.

(ഡി) ൧൭൯.

59. മിസ്റ്റർ കെ. ആർ. രാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ൧൯൪൧-ൽ എത്ര പഴയ അപേക്ഷകന്മാർ ചക്കര ചെത്തിനു് അപേക്ഷിച്ചിട്ടുണ്ടു്;

(ബി) പുതിയ അപേക്ഷകരും എത്ര;

(സി) ഓരോന്നിലും എത്ര അനുവദിച്ചിട്ടുണ്ടു്?

മിസ്റ്റർ എം. രാമൻ മേനോൻ:

(എ) ൧൭൪൪.

(ബി) ൪൯൫.

(സി) "എ" യിൽ മുഴവനും "ബി" യിൽ ൨൩൰ം അനുവദിച്ചിട്ടുണ്ടു്.

TODDY SHOP CONTRACTS—P. V. PATHROSE—PARTICULARS OF

60. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് മറുപടി പറയുമോ.—

(എ) പി. വി. പത്രോസു് ൧൯൪൨-ലേക്കു് ഏതെല്ലാം കള്ളുഷാപ്പുകളാണു് ഏറ്റെടുത്തിരിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly